# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1980 — 06.02.2019-ൽ മറുപടിക്ക്

## ശബരിമലയിൽ വനിതകൾക്ക് മഫ്ടി പോലീസിന്റെ അകമ്പടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ശബരിമലയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ ശേഷം ഭക്തരുടെ സ്വകാര്യവാഹനങ്ങൾ ഏതു സ്ഥലം വരെ കടത്തിവിടാനാണ് പോലീസിന് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിന് വിരുദ്ധമായി ഏതെങ്കിലും സ്വകാര്യ വാഹനങ്ങൾ കടത്തിവിട്ടിട്ടുണ്ടോ; വിശദമാക്കുമോ;<br>(ബി) ശബരിമല ദർശനത്തിനെത്തിയ സ്ത്രീകൾ സഞ്ചരിച്ച ഏതെങ്കിലും വാഹനങ്ങൾക്ക് മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ ഒഴിവാക്കി നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) യും (ബി) യും നിലയ്ക്കൽ വരെ സ്വകാര്യ വാഹനങ്ങൾ കടത്തിവിട്ടിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ ഉത്തരവിനെ തുടർന്ന് ദർശനത്തിന് എത്തുന്ന യുവതികൾക്ക് നേരെ പ്രതിഷേധമുണ്ടാകുകയും ക്രമസമാധാന പ്രശ്നം ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ യുവതികളുടെ സുരക്ഷയെ മുൻനിർത്തി സ്വകാര്യ വാഹനത്തിൽ നിലക്കൽ നിന്നും പമ്പ വരെ കൊണ്ടുപോയിരുന്നു. |
| (സി) ശബരിമലയിൽ ദർശനത്തിനെത്തിയ ഏതെങ്കിലും വനിതകൾക്ക് മഫ്ടിയിൽ പോലീസിന്റെ അകമ്പടി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ഉണ്ട്.<br>വനിതകൾക്ക് ശബരിമലദർശനം നടത്തുന്നതിന് പോലീസ് സംരക്ഷണം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ